[redacted]

ഭാരതീയ
റിസർവ്ബാങ്ക്

ഡിപ്പാർട്ട്മെന്റ് ഓഫ് കമ്മ്യൂണിക്കേഷൻ, സെൻട്രൽ ഓഫീസ്,
എസ്.ബി.എസ്. മാർഗ്, മുംബൈ-400001, ഫോൺ: 022-22660502

www.rbi.org.in
ഇമെയിൽ: helpdoc@rbi.org.in

ഡിസംബർ 15, 2020

# കർണാല നാഗ്രി സഹകാരി ബാങ്ക് ലിമിറ്റഡ് പൻവേൽ, റയ്ഗഡ് മഹാരാഷ്ട്ര-യ്ക്ക് ബാങ്കിങ് റഗുലേഷൻ ആക്റ്റ് 1949 ലെ സെക്ഷൻ 56 നോടൊപ്പം ചേർത്ത് വായിക്കേണ്ട സെക്ഷൻ 35-ാ ം പ്രകാരം നൽകുന്ന ആജ്ഞാപനങ്ങൾ

ഭാരതീയ റിസർവ്ബാങ്കിന്റെ 2015 ജൂൺ 15-ാ ം തീയതിയിലെ ഡി ഒ എസ്.സി.ഓ യു.സി.ബി. വെസ്റ്റ്/ഡി 1/12.07.157/2019-20 പ്രകാരമുള്ള നിർദ്ദേശമനുസരിച്ച് കർണാല നാഗ്രി സഹകാരി ബാങ്ക് ലിമിറ്റഡ്, പൻവേൽ, റയ്ഗഡ്, മഹാരാഷ്ട്ര - യെ 2020 ജൂൺ 15 ലെ ബിസിനസ് സമയം അവസാനിച്ചത് മുതൽ ആറ് മാസക്കാലത്തേക്ക് ആജ്ഞാപനങ്ങൾക്ക് വിധേയ മായിരിക്കുന്നു.

2. ബാങ്കിങ് റഗുലേഷൻ ആക്റ്റ് 1949 ലെ സെക്ഷൻ 56 നോടൊപ്പം ചേർത്ത് വായിക്കേണ്ട സെക്ഷൻ 35- എ യുടെ സബ്സെക്ഷൻ (1) പ്രകാരം തന്നിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരങ്ങൾ വിനിയോഗിച്ചു കൊണ്ട് 2020 ഡിസംബർ 14 ന് പുറപ്പെടുവിച്ച ആജ്ഞാപനം ഡിഒആർ. എഐഡി/ഡി-43/12.22.365/2020-21 പുനരവലോകനത്തിന് വിധേയമായി 2021 ജൂൺ 15 വരേയ്ക്കും പ്രാബല്യത്തിലുണ്ടായിരിക്കുമെന്ന് ഇതിനാൽ തെര്യപ്പെടുത്തുന്നു.

3. മുകളിൽ പരാമർശിച്ചിരിക്കുന്ന ആജ്ഞാപനത്തിന്റെ മറ്റ് വ്യവസ്ഥകളും നിബന്ധനകളും മാറ്റമില്ലാതെ തുടരുന്നതായിരിക്കും. മേൽപ്പറഞ്ഞവിധം കാലാവധി ദീർഘിപ്പിച്ചു കൊണ്ടുള്ള ആജ്ഞാപനത്തിന്റെ ഒരു പകർപ്പ് പൊതുജന

ങ്ങളുടെ പരിശോധനയ്ക്കായി ബാങ്ക് കെട്ടിടത്തിൽ പ്രദർശിപ്പിച്ചിരിക്കുന്നു.

4. മേൽപ്പറഞ്ഞവിധം ആജ്ഞാപനങ്ങളുടെ കാലാവധി ദീർഘിപ്പിക്കുകയോ/ ഭേദഗതി ചെയ്യുകയോ ചെയ്ത നടപടിയെ മുകളിൽ പരാമർശിക്കപ്പെട്ട ബാങ്കിന്റെ ധനകാര്യസ്ഥിതി യെക്കുറിച്ച് ഭാരതീയ റിസർവ് ബാങ്ക് തൃപ്തരാണെന്നതിന്റെ സൂചനയായി പ്രകൃത്യാ വ്യാഖ്യാനിക്കാൻ പാടുള്ളതല്ല.

**(യോഗേഷ് ദയാൽ)**
ചീഫ് ജനറൽ മാനേജർ

**പ്രസ് റിലീസ്: 2020-2021/775**